**കേരള സർക്കാർ**

**ധനകാര്യ (ബഡ്ജറ്റ് ഇ) വകുപ്പ്**

**സർക്കുലർ**

നമ്പർ: 45/2017/ധന തിരുവനന്തപുരം, തീയതി. 02.06.2017

വിഷയം:- 2016-17 സാമ്പത്തിക വർഷാവസാനത്തിൽ പൊതുമരാമത്ത്/ ഇറിഗേഷൻ / ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളിലെ പ്രവർത്തികളുടെ EMLI സോഫ്റ്റ് വെയർ വഴി സമർപ്പിച്ചതും ട്രഷറി ക്യൂവലേക്കു മാറ്റിയതുമായ ബില്ലുകൾ മാറുന്നതിനു പാലക്കേണ്ടുന്ന നടപടിക്രമം- സംബന്ധിച്ച്.

സൂചന :- സർക്കുലർ നമ്പർ 33/ എസ്സ്.എസ്സ്-1/ 2017/ ധന. തീയതി 10.05.2017

2017 മാർച്ച് 31 രാത്രി 12 മണിവരെ പാസ്സാക്കുവാൻ കഴിയാതിരുന്ന വിവിധ വകുപ്പുകളുടെ ബില്ലുകൾ നടപ്പ് സാമ്പത്തിക വർഷത്തിൽ (2017-18) മാറി നൽകുന്നതിനായി ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നു.

പ്രസ്തുത ക്യൂവിൽ EMLI സോഫ്റ്റ് വെയർ വഴി തയ്യാറാക്കിയ പൊതുമരാമത്ത്/ ഇറിഗേഷൻ/ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളിലെ ബില്ലുകളും ഉൾപ്പെട്ടിരുന്നു. ഇപ്രകാരം ട്രഷറി ക്യൂവിലേക്ക് മാറിയ EMLI സോഫ്റ്റ് വെയർ വഴി തയ്യാറാക്കിയ ബില്ലുകൾ മാറുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

(എ) ട്രഷറി വകുപ്പ് നൽകുന്ന ലിസ്റ്റ് പ്രകാരം നടപ്പു സാമ്പത്തിക വർഷം ബജറ്റ് വിഹിതം ഉള്ള ശീർഷകങ്ങളിൽ നിന്ന് പ്രസ്തുത ബില്ലുകൾക്ക് അലോട്ട്മെന്റ് ലഭ്യമാക്കുന്നതാണ്.

(ബി) ബജറ്റ് വിഹിതം ഇല്ലാത്ത ശീർഷകങ്ങളിൽ ബില്ലുകൾക്ക് അലോട്ട്മെന്റ് നൽകുന്നതിന് അധിക ധനവിനിയോഗ അനുമതി നൽകുന്നതാണ്.

(സി) പ്രസ്തുത ബില്ലുകൾക്കുള്ള അലോട്ട്മെന്റ് CCO മാർ DDO മാർക്കു BAMS ൽ നൽകുന്നതിനുള്ള സൗകര്യം നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത ബില്ലുകൾ EMLI വഴി കൈകാര്യം ചെയ്യാനാവില്ലാത്തതിനാൽ BIMS വഴിയായി ഒരു ബിൽ തയ്യാറാക്കി ട്രഷറിയിൽ വീണ്ടും സമർപ്പിക്കേണ്ടതാണ്.

(ഇ)BIMS വഴിയായി ബിൽ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ മേൽ സർക്കുലറിൽ ഒന്നാം പിരിവിൽ വിശദീകരിച്ചിട്ടുണ്ട്.

**മിൻഹാജ് ആലം**
**ധനകാര്യ റിസോഴ്സസ് സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (കെട്ടിടം/നിരത്തുകളും പാലങ്ങളും) വകുപ്പ്
ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ / പ്രോജക്റ്റ് II, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പ്രോജക്റ്റ് I, വെസ്റ്റ് ഹിൽ, കോഴിക്കോട്
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
എല്ലാ വകുപ്പ്/ ഓഫീസ് തലവൻമാർക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**